| Name | | Roll Number | |
|---|---|---|---|

# INDIAN SCHOOL MUSCAT
# MIDDLE SECTION
# ANNUAL EXAMINATION 2019-20

## MALAYALAM

## SET B

Code: MZML01

CLASS: VIII — Time Allotted: 2 ½ Hrs.

5.03.2020 — Max .Marks: 80

**General Instructions :**

1. **All** questions are **compulsory.**
2. **All answers should be written in the answer sheet provided.**

Qns — Marks

1. **ബ്രാക്കറ്റിൽ നിന്നും ശരിയായ അർഥം തെരഞ്ഞെടുത്തെഴുതുക** — ½ x 5=2½

   (രഹസ്യം, കടപ്പാട്, പെട്ടി, സൂര്യൻ, സമുദ്രം, കുതിര)

   1. രത്നാകരം
   2. നിഗൂഢം
   3. പ്രതിബദ്ധത
   4. അശ്വം
   5. ആദിത്യൻ

2. **പര്യായം എഴുതുക** — 1 x 5= 5

   1. കാന്തൻ
   2. ശബ്ദം
   3. താരകം
   4. വസ്ത്രം
   5. പിതാവ്

3. **വിപരീതം എഴുതുക** — ½ x 5=2½

   1. ദൂരെ
   2. രസം
   3. പൂർണം
   4. വിശ്രമം
   5. ഉച്ചം

4. **എതിർലിംഗമെഴുതുക** — ½ x 5=2½

   1. ദേവി
   2. അസ്വസ്ഥൻ

3. ബാലിക
4. നിർഭാഗ്യ
5. പിതാവ്

5. **അർഥവ്യത്യാസം എഴുതുക** 1 x 4= 4

1. ദശകം
   ശതകം
2. കിരണം
   കരണം
3. ചേല
   ചോല
4. പരിണാമം
   പരിമാണം

6. **നാനാർഥം എഴുതുക** 1x 4= 4

1. ഓല
2. സ്നേഹം
3. ആണ്ട്
4. ധ്വനി

7. **ശരിയായപദം തെരഞ്ഞെടുത്തെഴുതുക** ½ x 5=2½

1. പാണ്ടര, പാണ്ഡര, പാണ്ഢര, പാണ്ഠര
2. അന്താളിക്കുക, അന്ഥാളിക്കുക, അന്ദാളിക്കുക, അന്ധാളിക്കുക
3. വിജ്ഞാനം, വിഞ്ജാനം, വിഞ്ചാനം, വിച്ഞാനം
4. സ്വച്ഛന്തം, സ്വച്ഛന്ദം, സ്വച്ഛന്ദം, സ്വഛന്ദം
5. താരാട്ടാലാഭം, താരാട്ടാലാബം, താരാട്ടാലാപം, താരാട്ടാലഭം

8. **പിരിച്ചെഴുതി സന്ധി നിർണയിക്കുക** 1x 4= 4

1. ചെന്നപ്പുറം
2. തീപ്പൊരി
3. ശിരസ്സുമാട്ടി
4. ചുണ്ടയായി

9. **വാക്യത്തിൽ പ്രയോഗിക്കുക** 1½ x 2= 3

1. മിന്നിമാറുക
2. കരുത്തുപകരുക

10. **ചേരുംപടി ചേർക്കുക** ½ x 4= 2

| | | |
|---|---|---|
| 1. ദൈവത്തിൻെറ കൈയൊപ്പ് | - | വള്ളത്തോൾ നാരായണമേനോൻ |
| 2. വീണപൂവ് | - | വയലാർ രാമവർമ |
| 3. കെടാവിളക്ക് | - | പെരുമ്പടവം ശ്രീധരൻ |
| 4. എനിക്കു മരണമില്ല | - | കുമാരനാശാൻ |
| | - | വി. ടി. ഭട്ടതിരിപ്പാട് |

11. **വിഗ്രഹിച്ച് സമാസം എഴുതുക** 1x 4= 4

1. ശുഷ്കതാരകം
2. കർമനിരതൻ
3. ലോകതത്ത്വം
4. ഇതിഹാസപുരാണങ്ങൾ

12. **പ്രയോഗം മാറ്റുക** 1x 2= 2

1. ലത പൂവിനെ പല്ലവപുടങ്ങളിൽ വച്ച് പരിപാലിച്ചു.
2. സൂര്യൻ ഒഴുകുന്ന പേടകത്തെ നോക്കിക്കാണുന്നു.

13. **പൂരിപ്പിക്കുക** 1x 2= 2

1. പ്രപഞ്ചം മുഴുവൻ പ്രളയാബ്ധിയിൽ മുങ്ങിയപ്പോൾ -------- യുടെ രൂപത്തിൽ മനുഷ്യന്റെ ആദ്യചലനമുണ്ടായി.
2. 'കീഴാളൻ' എന്ന കൃതിയുടെ കർത്താവ് -------- ആണ്.

14. **ഒറ്റവാക്കിൽ ഉത്തരമെഴുതുക** 1x 4= 4

1. "ഓലയും നാരായവും കാഞ്ഞിരത്തിന്റെ
   ചോലയിൽ വച്ചു നമിച്ചു തിരിഞ്ഞൊരാൾ" - ആരെയാണ് ഈ വരികളിലൂടെ കവി ഉദ്ദേശിക്കുന്നത്?
2. അമ്പിളിത്താമ്പാളം നീ നീട്ടിക്കൊണ്ടൊരു വെള്ളി-
   ത്തുമ്പിയെപ്പോലെ നിന്നു മാനത്തു നൃത്തംവയ്ക്കെ, - ഇവിടെ 'നീ' എന്ന് ഉദ്ദേശിക്കുന്നത് ആരെയാണ്?
3. 'അച്ഛനും മകളും' എന്ന കവിതയുടെ കർത്താവാര്?
4. "ആ വീട് പെട്ടെന്ന് അന്നയ്ക്ക് ഓർമ വന്നു." - അന്നയ്ക്ക് ഓർമ വന്നത് ഏത് നോവലിലെ വീടായിരുന്നു?

15. **ഉത്തരമെഴുതുക** 3x 5= 15

1. ആധുനിക കവിത്രയം തങ്ങളുടെ സാമൂഹിക പ്രതിബദ്ധത പ്രകടിപ്പിച്ചത് എങ്ങനെ?
2. കവി വർണിക്കുന്ന മനുഷ്യന്റെ മേന്മകൾ എന്തെല്ലാം?
3. 'കുറ്റവും ശിക്ഷയും' എന്ന നോവലിലെ വീടിനെ ഓർമിപ്പിക്കുന്ന അനുഭവം അന്നയ്ക്ക് ഉണ്ടായതെപ്പോൾ?
4. "ചിഞ്ചിലം നിന്നു ചിലങ്കകളൂരീട്ടു
   നെഞ്ചത്തുകൈവച്ചു ചോദിക്കയാണൊരാൾ"- ഈ വരികളിൽ കവി പരാമർശിക്കുന്നതെന്ത്?.
5. "രത്നാകരത്തിങ്കൽ ചേരേണ്ടതാവാമീ
   രത്നപ്രകാണ്ഡമെന്നോർത്തപോലെ." - ഇവിടെ കവി സമർഥിക്കുന്നതെന്ത്?

16. **പാഠപുസ്തകത്തിലേതുപോലെ കവിത പൂരിപ്പിക്കുക** 5x 1= 5

കാവ്യക്കരുക്കളിൽ...................................

........................................ കേരളഭാഷയെ? (11 വരി)

17. **ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നര പുറത്തിൽ കവിയാതെ ഉപന്യസിക്കുക** 6x 1= 6

മാറുന്ന ഭക്ഷണശീലങ്ങളും ആരോഗ്യപ്രശ്നങ്ങളും

അല്ലെങ്കിൽ

കായിക വിദ്യാഭ്യാസത്തിൻെറ ആവശ്യകത

18. **താഴെക്കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക**

പുറം - ആട്ട് എന്നീ രണ്ടു പദങ്ങൾ ചേർന്നുണ്ടായതാണ് പുറാട്ട് (പൊറാട്ട്) എന്ന പ്രയോഗം. പുറമേ വയലിലോ വെളിമ്പ്രദേശത്തോ വെച്ചുള്ള ആട്ടം അഥവാ കളിയാണ് പുറാട്ടുകൾ. വിനോദപ്രദമായ കളിയായതിനാൽ പുറാട്ടിന് വിനോദം, കോമാളിത്തം എന്നിങ്ങനെയും അർഥമുണ്ട്. തെക്കത്തിനാടകം, പാൺകളി, ദേശക്കളി എന്നിങ്ങനെ പല പേരുകളിലും പുറാട്ടുനാടകം അറിയപ്പെടുന്നു. പാലക്കാടു താലൂക്കിലും, വടക്കാഞ്ചേരി , വള്ളുവനാട് എന്നീ ദിക്കുകളിലുമാണ് ഇത്തരം നാടകങ്ങൾക്ക് കൂടുതൽ പ്രചാരം.

കൊയ്ത്തു കഴിയുന്ന കാലത്താണ് പുറാട്ടുകൾ അരങ്ങേറുന്നത്. പാടമോ പറമ്പോ വെളിമ്പ്രദേശമോ പുറാട്ടിനു വേണ്ടി തിരഞ്ഞെടുക്കുന്നു. കഥകളി, മുടിയേറ്റ് തുടങ്ങിയവയ്ക്കുള്ളതുപോലെ കേളികൊട്ട് പുറാട്ടുനാടകത്തിനുമുണ്ട് കളി നടക്കുന്ന സ്ഥലത്ത് രാത്രി എട്ടു മണിയോടെ ചെണ്ടയും ഇലത്താളവും ഉപയോഗിച്ച് കേളികൊട്ടുന്നു. ചെറിയ മദ്ദളം, മൃദംഗം, കൈമണി, ശ്രുതിപ്പെട്ടി, ചപ്ലാക്കട്ട തുടങ്ങിയവയാണ് സംഗീത-വാദ്യോപകരണങ്ങൾ. പുറാട്ടുനാടകത്തിൽ ചോദ്യക്കാരനാണ് പ്രധാന കഥാപാത്രം. ചോദ്യക്കാരൻ എല്ലാ പുറാട്ടു വേഷ-ക്കാരോടും ചോദ്യങ്ങൾ ചോദിച്ച് രസകരമായ ഉത്തരങ്ങൾ പറയിപ്പിച്ച് നാടകത്തെ മുന്നോട്ട് കൊണ്ടുപോകുന്നു. താഴ്ന്ന ജനവിഭാഗങ്ങളുടെ കഷ്ടപ്പാടുകളും ദയനീയാവസ്ഥയും സമൂഹത്തിൽ അവർ നേരിടുന്ന പ്രയാസങ്ങളും സാമൂഹിക സാമ്പത്തികസ്ഥിതിയുമെല്ലാം പുറാട്ടുനാടകത്തിലൂടെ ആവിഷ്കൃതമാകുന്നു.

**ചോദ്യങ്ങൾ** 1x 4= 4

1. പുറാട്ടുനാടകത്തിലെ പ്രധാന കഥാപാത്രമാര്?
2. പുറാട്ടുനാടകത്തിലൂടെ ആവിഷ്കൃതമാകുന്ന കാര്യങ്ങളെന്തെല്ലാം?
3. പുറാട്ടുനാടകം മറ്റേതൊക്കെ പേരുകളിൽ അറിയപ്പെടുന്നു?
4. പുറാട്ടുനാടകത്തിലുള്ളതു പോലെ ‘കേളികൊട്ട്’ എന്ന ചടങ്ങ് നടത്താറുള്ള മറ്റ് രണ്ടു കലാരൂപങ്ങളേവ?

19. നിങ്ങളുടെ വിദ്യാലയത്തിൻെറ പരിസരത്ത് വാഹന അപകടങ്ങൾ തടയാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പൊലിസ് ഇൻസ്പെക്റ്റർക്ക് ഒരു കത്ത് തയ്യാറാക്കുക 6 x 1= 6

--------------------------